കൊച്ചിയിലെ മദ്യദുരന്തത്തെത്തുടർന്ന്, അവിടെ ഏതാനും ചാരായ ഷാപ്പുകൾക്ക് ആളുകൾ തീവെക്കുകയും, അവരെ അമർത്താൻ സായുധ പോലീസ്സിനെ സർക്കാർ നിയോഗിക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ടായിരുന്നു. മററു ചില സ്ഥലങ്ങളിലും കള്ളവാററിനും കള്ളമദ്യവില്പനയ്ക്കുമെതിരായ സമരം നാട്ടുകാർ ഏറെറടുത്തതായി കാണുന്നുണ്ട്. ഇവിടെയെല്ലാം നാട്ടുകാരുടെ രക്ഷയ്ക്കല്ലാതെ, നാട്ടുകാർക്കെതിരായി കള്ളവാററുകാരുടെയും കള്ളമദ്യവില്പനക്കാരുടെയും രക്ഷയ്ക്ക്, പോലീസിനെയും പട്ടാളത്തെയും നിയോഗിക്കേണ്ട പിടിപ്പുകേട് കേരളസർക്കാരിനു വന്നുചേരുകയില്ലെന്നു ഞങ്ങൾ ആശിക്കുന്നു.

നമ്മുടെ 'ഉദ്ബുദ്ധ'മായ അദ്ധ്യാപകവർഗവും വിദ്യാർത്ഥിവർഗവും ഈ പ്രക്ഷോഭത്തിൽ വഹിക്കേണ്ട പങ്കെന്താണ്? മദ്യരാജാക്കന്മാരുടെ അക്രമ വാഴ്ചയ്ക്കെതിരെ നാട്ടുകാർ നടത്തുന്ന സമരത്തിന് അവർ നേതൃത്വം കൊടുക്കുമോ? അതോ, നാട്ടുകാർക്കെതിരെ മദ്യരാജാക്കന്മാരുടെ ഭാഗത്തു ചേരുമോ? രണ്ടുമില്ലെങ്കിൽ വെറുതെ കൈയും കെട്ടിയിരുന്ന് 'തമാശ' കാണുമോ?

സാമൂഹ്യമായ ഉത്തരവാദിത്തം നിറവേററാനാണ് സംഘടനയും, അതിലൂടെ കൈവരുന്ന ശക്തിയും. സംഘടിതരും ശക്തരുമായ അദ്ധ്യാപകരും വിദ്യാർത്ഥികളും മദ്യവിപത്തിനെതിരെ ദൃഢമായ ഒരു നിലപാട് എടുക്കുകതന്നെ വേണം.

27 സെപ്റ്റംബർ, 1982

## 67. പെട്രോരൂപ

അറബിക്കടലിന്റെ അപ്പുറത്ത്, അറേബിയാ ഉപദ്വീപിന്റെ കിഴക്കെ തീരത്തു കിടക്കുന്ന കുവൈത്ത്, ബഹ്റയ്ൻ, ഖത്തർ, യുണൈററഡ് അറബ് എമിറൈററ്സ്, ഒമാൻ എന്നീ രാജ്യങ്ങളെയാണ് ഇന്നു നാം 'ഗൾഫ് രാജ്യങ്ങൾ' എന്നു വിളിക്കുന്നത്. ആണ്ടിൽ പകുതിയോളം അത്യുഷ്ണകാലാവസ്ഥയും മരുതുല്യമായ ഭൂപ്രകൃതിയുമുള്ള ഈ പ്രദേശത്തിന് കടൽക്കൊള്ളക്കാരുടെ താവളമെന്ന നിലയ്ക്കുള്ള പ്രാധാന്യം മാത്രമേ താരതമ്യേന അടുത്ത കാലംവരെ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഇവിടെ ഭൂമിക്കടിയിൽ, കരയിലും കടലിലും, വൻതോതിൽ എണ്ണനിക്ഷേപം ഉണ്ടെന്നു കണ്ടുപിടിച്ചതോടെ സ്ഥിതി ആകെ മാറി. മനുഷ്യരുടെ ഭാഗ്യംപോലെതന്നെയാണ് ഭൂപ്രദേശങ്ങളുടെ ഭാഗ്യവും. നല്ലകാലം എപ്പോഴാണ് വരികയെന്ന് ആർക്കു പ്രവചിക്കാൻ കഴിയും?

രണ്ടാം മഹായുദ്ധത്തിനു മുമ്പുതന്നെ ഗൾഫ്പ്രദേശത്തുനിന്ന് എണ്ണ കുഴിച്ചെടുക്കാൻ തുടങ്ങി. പക്ഷേ, അതുകൊണ്ടുള്ള പ്രയോജനമത്രയും പാശ്ചാത്യരാജ്യങ്ങൾക്കായിരുന്നു. യുദ്ധാവസാനത്തിൽ സാമ്രാജ്യങ്ങൾ പിരിച്ചുവിടപ്പെട്ടതോടെ ആദ്യം ഇറാനും, പിന്നീട് ഗൾഫ് പ്രദേശത്തിലെ ചെറുനാടുവാഴിരാജ്യങ്ങളും അതാതിടത്തെ എണ്ണക്കമ്പെനികളുടെമേൽ ആധിപത്യം സ്ഥാപിച്ചു. 1973-ൽ എണ്ണയുല്പാദകരാജ്യങ്ങൾ ഒന്നിച്ചുചേർന്ന് അസംസ്കൃത എണ്ണയുടെ വില നാലിരട്ടിയായി വർദ്ധിപ്പിച്ചതോടെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും 'കഠിന' നാണയങ്ങൾ—ഡോളറും മാർക്കും പവനും എന്നും ഫ്രാങ്കും ലീറയും എല്ലാം—ഗൾഫ് പ്രദേശത്തേക്ക് പ്രവഹിക്കാൻ തുടങ്ങി. ഒരു പുഴയുമില്ലാത്ത ഈ ഊഷരഭൂമിയിൽ പണപ്പുഴകൾ ഒഴുകി. മഴ വളരെ കുറവായ അവിടത്തെ മണ്ണ് പണമഴയിൽ കുതിർന്നു. ലോകത്തിലെ ഏററവും സമ്പന്നങ്ങളായ രാജ്യങ്ങളുടെ മുൻ

പന്തിയിൽ ഈ കൊച്ചു നാട്ടുവാഴിരാജ്യങ്ങൾക്ക് സ്ഥാനം കൈവരാൻ ഏറെ താമസമുണ്ടായില്ല. ഇപ്പോൾ ആണ്ടിൽ അറുപതിനായിരം കോടി രൂപയോട് തുല്യമായ ഒരു തുകയാണത്രെ ഗൾഫ് രാജ്യങ്ങൾ എണ്ണ വിററ് നേടുന്നത്. ഈ തുക ഇന്ത്യയിലെ മൊത്തം ദേശീയോല്പാദനത്തോള മാണ്!

കരയ്ക്കും കടലിനും അടിയിലുള്ള എണ്ണ പുറത്തെടുത്ത് ബാരലിൽ നിറച്ചാലല്ലേ വില്ക്കാൻ കഴിയൂ? അതിനാണെങ്കിൽ സാങ്കേതിക വൈദഗ്ദ്ധ്യം വേണം; മനുഷ്യാധ്വാനവും വേണം. സാങ്കേതിക വൈദഗ്ദ്ധ്യം പാശ്ചാത്യരാജ്യങ്ങളിൽനിന്നു വന്നു. അധ്വാനിക്കുന്ന മനുഷ്യരാകട്ടെ, ചുററുപാടുമുള്ള ദരിദ്രരാജ്യങ്ങളിൽനിന്നു വന്നെത്തി—ഈറാനിൽനിന്ന്, അറേബ്യൻ ഉപദ്വീപിലെ മററു രാജ്യങ്ങളിൽനിന്ന്, പാകിസ്ഥാനിൽ നിന്ന്, ഇന്ത്യയിൽനിന്ന്.

എന്റെ ഒരു സുഹൃത്ത് കുവൈത്തിൽ സ്റ്റെനോഗ്രാഫറായി പോയത് 1944-ലായിരുന്നു. അതിനും സ്വല്പം മുമ്പുമുതല്ക്കേ ഭാഗ്യാന്വേഷികളായ കേരളീയർ ചുരുങ്ങിയ തോതിൽ 'ഗൾഫി'ലേക്കു നീങ്ങിക്കൊണ്ടിരുന്നു. എങ്കിലും, ഈ 'പല തുള്ളി' 'പെരുവെള്ള'മായത് 1973-ഓടു കൂടിയാണ്. കേരളത്തിലെ താരതമ്യേന ഉയർന്ന വിദ്യാഭ്യാസനിലവാരവും, വ്യവസായവല്ക്കരണത്തിന്റെയും അതിൻഫലമായ തൊഴിൽ ലഭ്യതയുടേയും താഴ്ന്ന നിലവാരവുമാണ് മറുനാടുകളിൽ ചെന്ന് സ്വന്തം ഭാഗ്യം അന്വേഷിക്കാൻ കേരളീയരെ നിർബന്ധിതരാക്കുന്നത്. കേരളത്തിന്റെ ജനസംഖ്യ രണ്ടര കോടിയിലേറെയാണല്ലോ. ഇവരിൽ 4,31,517 പേർ ജോലി തേടി വിദേശങ്ങളിൽ പോയതായി കണക്കാക്കിയിരിക്കുന്നു. ഇന്ത്യയുടെ മററു പ്രദേശങ്ങളിൽനിന്ന് കേരളത്തിൽ വന്ന് ഉപജീവനം നേടുന്നവരുടെ സംഖ്യ ഇതിനേക്കാൾ കൂടുതലാണെന്ന് ഓർക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇന്ത്യയിലെ മററു ഭാഷാവിഭാഗങ്ങളെക്കാൾ കൂടുതൽ വിദേശസഞ്ചാരശീലം കേരളീയർക്കുണ്ടെന്ന ധാരണ അടിസ്ഥാനരഹിതമാണ്. തമിഴ്നാട്ടിൽ ചെന്ന് നിത്യവൃത്തിക്കു വേണ്ട വക നേടുന്ന മലയാളികളേക്കാൾ എത്രയോ കൂടുതലാണ് കേരളത്തിൽ വന്ന് ഉപജീവനം സമ്പാദിക്കുന്ന തമിഴർ എന്ന് സെൻസസ് കണക്കുകൾ കാണിക്കുന്നു. കേരളം വിട്ട് വെളിയിൽ പോയ മലയാളികളോളംതന്നെ മറുനാട്ടുകാർ കേരളത്തിനകത്തു വന്നു പാർക്കുന്നുണ്ട്. മറുനാടുകളിൽ ചെന്ന് സ്ഥിരമായി പാർക്കാൻ മലയാളിക്കുള്ള മടി ഇന്ത്യയിലെ മറെറാരു ജനവിഭാഗത്തിനും ഉള്ളതായി തോന്നുന്നുമില്ല. മലയാളി മറുനാടുകളിൽ പോകുന്നത്, അവിടെ ഏതാനും വർഷം പണിയെടുത്ത്, നേടാവുന്നത്ര നേടി, തിരികെ കേരളത്തിൽതന്നെ വന്ന്, തന്റെ ജന്മസ്ഥലത്ത് ആയുശ്ശിഷ്ടം കഴിച്ചുകൂട്ടാനാണ്. ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലുള്ളവരാകട്ടെ, ജന്മഭൂമിയേക്കാൾ പ്രാധാന്യം 'കർമഭൂമി'ക്കാണ് നൽകുന്നത്. അവർക്ക് ഏതു പ്രദേശത്തും സ്ഥിരവാസമുറപ്പിക്കാൻ മടി കാണുന്നില്ല. ഇക്കാര്യത്തിൽ മലയാളി തികച്ചും വ്യത്യസ്തനാണ്. അയാൾക്ക് വാർദ്ധക്യം സ്വന്തം ജന്മപ്രദേശത്ത് കഴിച്ചുകൂട്ടിയേ തൃപ്തിയാവൂ. ഈ ശീലം—ദുശ്ശീലം എന്നു തന്നെ പറയട്ടെ—ഇല്ലായിരുന്നുവെങ്കിൽ ഇന്ന് മലയയിലേയും സിംഗപ്പൂരിലേയും ബർമയിലേയും സിലോണിലേയും ഇന്തോനേഷ്യയിലേയും ജനസംഖ്യയിൽ ഗണ്യമായ ഒരു മലയാളിവിഭാഗം ഉണ്ടാകുമായിരുന്നു. അതിരിക്കട്ടെ.

കേരളത്തിലെ ഓരോ ജില്ലയിൽനിന്നും ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും ഇന്ത്യക്കു വെളിയിലും 1977-ൽ ജോലി ചെയ്തിരുന്നവരുടെ ഒരു കണക്ക്, ഗവണ്മെൻറിന്റെ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാററിസ്റ്റിക്സ് തയ്യാറാക്കിയത് താഴെ ചേർക്കുന്നു:

## കേരളത്തിനു വെളിയിൽ ജോലി ചെയ്യുന്ന മലയാളികൾ

(1977)

| | ജില്ല | ആകെ | വിദേശങ്ങളിൽ | ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 38,912 | 20,530 | 18,382 |
| 2 | കൊല്ലം | 52,138 | 13,735 | 38,403 |
| 3 | ആലപ്പുഴ | 72,606 | 14,747 | 57,859 |
| 4 | കോട്ടയം | 19,967 | 4,986 | 14,981 |
| 5 | ഇടുക്കി | 1,968 | 466 | 1,502 |
| 6 | എറണാകുളം | 17,462 | 4,543 | 12,919 |
| 7 | തൃശ്ശൂർ | 78,853 | 26,095 | 52,758 |
| 8 | പാലക്കാട് | 35,707 | 3,171 | 32,536 |
| 9 | മലപ്പുറം | 37,177 | 19,759 | 17,418 |
| 10 | കോഴിക്കോട് | 23,476 | 9,156 | 14,320 |
| 11 | കണ്ണൂർ | 53,251 | 17,810 | 35,441 |
| | ആകെ | 4,31,517 | 1,34,998 | 2,96,519 |

ഈ കണക്കുപ്രകാരം 1977-ൽ ഗൾഫ്‌രാജ്യങ്ങളടക്കമുള്ള വിദേശങ്ങളിൽ ജോലി ചെയ്തിരുന്ന മലയാളികളുടെ എണ്ണം 1,34,998 ആണ്. എന്നാൽ, ഇപ്പോൾ ഗൾഫ്‌രാജ്യങ്ങളിൽത്തന്നെ രണ്ടര ലക്ഷത്തോളം മലയാളികൾ ജീവിച്ചുവരുന്നതായി പറയപ്പെടുന്നുണ്ട്. സർക്കാരിന്റെ കണക്ക് പാസ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാവാം. ഗൾഫ് സ്റ്റേറ്റുകളിൽ പോയവരിൽ പലർക്കും ശരിയായ യാത്രാരേഖകൾ ഇല്ലെന്നു വരാം. 1977-ൽ കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസിൽ പാസ്പോർട്ടിന് മൂന്നു ലക്ഷം അപേക്ഷകൾ കിട്ടിയതിൽ രണ്ടു ലക്ഷത്തിലേറെ അപേക്ഷകർക്ക് പാസ്പോർട്ടുകൾ നൽകപ്പെട്ടു. 1978-ൽ ഇവിടെ മാസം തോറും 40,000 അപേക്ഷകൾ ലഭിക്കുന്നുണ്ടത്രെ. നാലു ലക്ഷം പാസ്പോർട്ടുകൾ 1978-ൽ നൽകപ്പെട്ടുമെന്നും പറയപ്പെടുന്നു. ആണ്ടുതോറും ഏറിയേറി വരുന്ന അപേക്ഷകൾ പരിശോധിച്ച് പാസ്പോർട്ടുകൾ നൽകാനായി 1978 ജൂൺ 17-ാം തീയതി കോഴിക്കോട്ട് ഒരു പുതിയ പാസ്പോർട്ട് ഓഫീസ് തുറന്നിട്ടുമുണ്ട്. ഇവിടെനിന്ന് ദിവസേന 500 പാസ്പോർട്ട് വീതം നൽകാനാണത്രേ ഉദ്ദേശ്യം. പാസ്പോർട്ടിന് അപേക്ഷിക്കാനുള്ള ഫോറം തപാൽ ആപ്പീസുകളിൽ കിട്ടും; പോരാഞ്ഞിട്ട് നാട്ടിലുടനീളം കടകളിൽ അവ അച്ചടിച്ച് വില്ക്കുന്നുമുണ്ട്. ഒരു പാസ്പോർട്ട് വാങ്ങി കൈവശം വെക്കാൻ ഇന്ന് മിക്ക അഭ്യസ്തവിദ്യരും ശ്രമിക്കുന്നു. പാസ്പോർട്ട് വാങ്ങിയവരിൽ അഞ്ചിലൊരാൾ വീതം അതുപയോഗപ്പെടുത്തി വിദേശങ്ങളിലേക്ക് കടക്കുന്നുമുണ്ട്. ശരിയായ മാർഗങ്ങളിലൂടെ നാടു വിടാൻ കഴിയാത്തവർ വളഞ്ഞ മാർഗങ്ങൾ അവലംബിക്കുന്നു. വലിയ തുകകൾ കൈക്കൂലിയായി കൊടുത്താണ് പലരും ഗൾഫ് രാജ്യങ്ങളിൽനിന്ന് 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കററ്' (എൻ. ഒ. സി.) നേടുന്നതു്. ഈയാവശ്യത്തിന് പണം കടം കൊടുക്കുവാൻ നമ്മുടെ പല ബാങ്കുകളും മുന്നോട്ടുവന്നിട്ടുണ്ട്. പലപ്പോഴും കൈക്കൂലി കൊടുത്തു നേടുന്നതു് കള്ളരേഖകളായിരിക്കും. അവകൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ല. ഉദ്യോ

ഗാന്വേഷികളുടെ വിശ്വാസശീലത്തെ ചൂഷണം ചെയ്യുന്ന ഗൂഢസംഘങ്ങൾക്കും കുറവൊന്നുമില്ല. തോണികളിലൂടെ യന്ത്രവത്കൃതബോട്ടുകളിൽ കയററി കടലിൽ കുറേ ഓടിയ ശേഷം, രാത്രിയിലെ ഇരുട്ടിൽ, ദുബായിയോ അബുദാബിയോ ആണെന്നു പറഞ്ഞ് കർണാടകത്തിന്റെയോ ഗോവയുടെയോ വിജനമായ കടൽത്തീരത്ത് ഇറക്കിവിടപ്പെട്ട അനുഭവം പലർക്കുമുണ്ട്. ബോട്ടിൽ കയറാൻ കഴിയാതെ, ബോംബെയിൽ വളരെ ദിവസം അലഞ്ഞുതിരിഞ്ഞ ശേഷം, കേരളത്തിൽ തിരിച്ചെത്തിയവരും ധാരാളമാണ്. അതു് പക്ഷേ, മററൊരു വിഷയം.

മറുനാട്ടിൽ ചെന്നുപററി ഏതെങ്കിലും ജോലിയിലേർപ്പെടാൻ കഴിഞ്ഞ ഭാഗ്യവാന്മാർ, പിന്നീട് നാട്ടിലേക്ക് മാസംതോറും കൃത്യമായി മണിയോർഡർ അയയ്ക്കാൻ തുടങ്ങുന്നു. 1977-ൽ ഇങ്ങനെ കേരളത്തിലേക്ക് അയയ്ക്കപ്പെട്ടത് അഞ്ഞൂററമ്പതു കോടി രൂപയാണത്രെ. 1978-79-ൽ കേരളത്തിന്റെ വാർഷിക ബജററിൽ ആകെയുള്ള തുകയോടൊപ്പമാണിതു് എന്നറിയുമ്പോഴേ ഈ സംഖ്യയുടെ വൈപുല്യവും, നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഇത്രയും വലിയ ഒരു സംഖ്യ പുറമേനിന്ന് പെട്ടെന്നു കുത്തിവെക്കുന്നതുകൊണ്ടുളവാകുന്ന പ്രത്യാഘാതത്തിന്റെ തീവ്രതയും മനസ്സിലാവൂ. ഇങ്ങനെ നേരിട്ടയയ്ക്കുന്ന പണത്തിനു പുറമെ, പല മറുനാടൻ മലയാളികളും ഇന്ത്യൻ ബാങ്കുകളിൽ 'നോൺറെസിഡൻററ് എക്സ്റ്റേണൽ എക്കൗണ്ട്'കൾ തുടങ്ങുന്നുമുണ്ട്. 1977-ൽ ഇത്തരം 48,000 എക്കൗണ്ടുകൾ പല ബാങ്കുകളിലായി ഉണ്ടായിരുന്നു. നേരിട്ടുള്ള മണിയോർഡറുകളും എക്സ്റ്റേണൽ എക്കൗണ്ടുകളും 1977-ലേക്കാൾ വർദ്ധിച്ചുവരികയാണ് 1978-ൽ.

ഗൾഫ് രാജ്യങ്ങളിൽ വെറും കൂലിക്കാരനുതന്നെ പ്രതിമാസം 2,500 രൂപയിലേറെ സമ്പാദിക്കാൻ കഴിയും. അതിൽ 1000 രൂപകൊണ്ട് ചെലവു കഴിച്ചാൽ, 1,500 രൂപയോളം കണിശമായി നാട്ടിലേക്കയയ്ക്കാം. അദ്ധ്യാപകനോ സ്റ്റെനോഗ്രാഫറോ ആയി ജോലി ചെയ്യുന്ന ഒരാൾക്ക് മാസം തോറും 3,000 രൂപ വീതം അയയ്ക്കാൻ പ്രയാസമുണ്ടാവില്ല. ഒരു നഴ്സിന്ന് ചെലവു കഴിച്ച് 4,000 രൂപ നാട്ടിലയയ്ക്കാൻ കഴിയും. കേരളത്തിലെ വിദ്യാഭ്യാസനിലവാരം താരതമ്യേന ഉയർന്നതാകയാൽ, കൂടുതൽ വരുമാനമുള്ള വെള്ളക്കോളർ ജോലികളും, വൈദഗ്ദ്ധ്യം ആവശ്യമുള്ള കല്പാശാരി, മരാശാരി മുതലായവരുടെ തൊഴിലുകളും നേടാൻ മലയാളികൾക്ക് കഴിയുന്നുണ്ട്.

ഗൾഫ് രാജ്യങ്ങളിൽനിന്ന് വരുന്ന ഡ്രാഫ്ററുകൾ മാററാനും ഡെപ്പോസിററുകൾ സ്വീകരിക്കാനുമായി എത്രയോ ബാങ്കുകൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ശാഖകൾ തുറന്നിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 16,000 ജനങ്ങൾ പാർക്കുന്ന ഏങ്ങണ്ടിയൂർ പഞ്ചായത്തിലുള്ള നാലു ബാങ്കുകൾക്കുകൂടി 1977—ൽ എൺപത്തിരണ്ടു ലക്ഷം രൂപയുടെ വിദേശ ഡ്രാഫ്ററുകൾ മാററിക്കൊടുക്കുകയുണ്ടായത്രേ. ഈ തുകയിൽനിന്ന് നാല്പതു ലക്ഷം രൂപയോളം ഡെപ്പോസിററുകളായി അവർക്കു തിരിയെ കിട്ടുകയും ചെയ്തു. കാസർക്കോട്ടെ ഒരു ബാങ്കിൽ 1976-ൽ ദിവസേന മൂന്നു ലക്ഷം രൂപയുടെ വിദേശ ഡ്രാഫ്ററുകൾ മാററിക്കൊടുത്തിരുന്നതായി പറയപ്പെടുന്നു. കൊല്ലം ജില്ലയിലുള്ള വർക്കല പഞ്ചായത്തിൽ അഞ്ചു ബാങ്കുകളുണ്ട്. ഇവയിൽ നാലെണ്ണത്തിലെ ആകെ ഡെപ്പോസിററ് നാലു കോടി തൊണ്ണൂറു ലക്ഷം രൂപയാണ്. ഓരോ ദിവസവും അഞ്ചു ലക്ഷത്തിയെൺപതിനായിരം രൂപയുടെ വിദേശ ഡ്രാഫ്ററുകൾ മാറി പണം കൊടുക്കുന്നു.

ഗൾഫ് നാടുകളിൽനിന്ന് കേരളത്തിലേക്കൊഴുകുന്ന ഈ പണം—നമുക്കിതിനെ 'പെട്രോ രൂപ' എന്നു വിളിക്കാം—ആദായകരമായ വിധത്തിൽ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഇന്ന് കേരളത്തിലില്ല. കാർ

ഷിക പരിഷ്കാരങ്ങളുടെ ഫലമായി ഭൂമിയിൽ പണം നിക്ഷേപിക്കുക കേരളത്തിൽ അസാധ്യമായിത്തീർന്നിരിക്കുന്നു. വ്യവസായങ്ങൾ ആരംഭിച്ച് നഷ്ടം കൂടാതെ നടത്തിക്കൊണ്ടുപോകാനുള്ള സാഹചര്യങ്ങളാകട്ടെ ഉണ്ടായിക്കഴിഞ്ഞിട്ടുമില്ല. കടം കൊടുത്താൽ തിരിച്ചുകിട്ടുകയെന്നതു്, ഉത്തമർണന്റെ ഭാഗ്യത്തേയും അധമർണന്റെ ശുദ്ധഗതിയേയും ആശ്രയിച്ചിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും വ്യവസായത്തിൽ മുതൽ മുടക്കിയാൽ, നാട്ടിലുള്ള 'ആക്ടീവ് പാർട്ട്നർ' അതുംകൊണ്ട് മുങ്ങുകയും, തത്ഫലമായി മറുനാട്ടിലുള്ള 'സ്ലീപ്പിങ് പാർട്ട്നർ' വെള്ളത്തിലാവുകയും ചെയ്യുന്നതിനുള്ള സാധ്യതയും അഗണ്യമല്ല. ഇക്കാരണങ്ങളാൽ 'പെട്രോ രൂപ', ബാങ്കിൽ നിക്ഷേപിക്കപ്പെടുന്ന ഒരംശം കഴിച്ച് ബാക്കിയുള്ള വമ്പിച്ച തുക, മുഴുവനും, ഉപഭോഗത്തിനായി ചെലവഴിക്കപ്പെടുന്നു.

ഉപഭോഗത്തിന്റെ മുഖ്യമായ ഒരു രീതി ഗൃഹനിർമാണമാകുന്നു. സ്വന്തം ജന്മഭൂമിയിൽ നല്ലൊരു കെട്ടിടം കെട്ടുക—ഇതാണ് മിക്ക മറുനാടൻ മലയാളികളുടേയും ഏററവും വലിയ ആഗ്രഹം. ഇതിൻഫലമായി കേരളത്തിൽ, ഉൾനാടുകളിൽപ്പോലും വീടുണ്ടാക്കാൻ പററിയ ഭൂമിയുടെ വില വളരെയധികം ഉയർന്നിട്ടുണ്ട്. ചാവക്കാട്ട് രണ്ടു സെൻറു ഭൂമി 55,000രൂപ വിലയ്ക്ക് ഒരു 'ഗൾഫ് മലയാളി' വാങ്ങിയത്രേ. ഈ വില കുറെ കൂടുതലാണ്! എങ്കിലും സെൻറിന് 15,000 രൂപ ഇപ്പോൾ ചാവക്കാട്—ഗുരുവായൂർ പ്രദേശത്ത് വീടുവെക്കാൻ പററിയ ഭൂമിക്ക് വിലയായി കൊടുക്കുന്നതു് അസാധാരണമല്ല. ഇത്രയും ഉയർന്ന വില ഭൂമിക്കു കിട്ടുന്ന, കേരളത്തിലെ മറെറാരു പ്രദേശം എറണാകുളമാണ്.

സ്ഥലം വാങ്ങിക്കഴിഞ്ഞാലുടൻ അതിൽ കെട്ടിടം നിർമിക്കാനുള്ള ശ്രമമായി. ഗൃഹനിർമാണപ്രവർത്തനങ്ങളിലുള്ള വർദ്ധനയുടെ ഫലമായും മററും കല്ലാശാരിമാരുടേയും മരാശാരിമാരുടേയും നിർമാണപ്പണിക്കാരുടേയും കൂലിനിരക്കിൽ മൂന്നിരട്ടിയോളം വർദ്ധന ഇക്കഴിഞ്ഞ ഒന്നുരണ്ട് ആണ്ടുകാലങ്ങളിൽ വന്നുചേർന്നിട്ടുണ്ട്. ഗൃഹനിർമാണവസ്തുക്കളുടെ വിലയും കുത്തനെ കയറിക്കൊണ്ടിരിക്കുകയാണ്. സിമൻറാണെങ്കിൽ കേരളത്തിൽ കരിഞ്ചന്തയിലേ കിട്ടൂ. ഗവൺമെൻറിനുവേണ്ടി കോഴിക്കോട്ട് കളക്ടറേററിൽനിന്നു നേരിട്ട് ഓർഡർ കൊടുത്തു് വാങ്ങിക്കൊണ്ടിരുന്ന സിമൻറുംപോലും എത്രയോ കാലമായി കരിഞ്ചന്തയിലൂടെ വില്ക്കപ്പെട്ടുകൊണ്ടിരുന്ന വസ്തുത ഇപ്പോൾ പുറത്തു വന്നിട്ടുണ്ടല്ലോ.

അതെന്തായാലും, മുമ്പ് നഗരങ്ങളിൽ മാത്രം കണ്ടിരുന്ന ഒന്നാംതരം കോൺക്രീററ് കൊട്ടാരങ്ങൾ ഇന്ന് നമ്മുടെ പല ഗ്രാമങ്ങളിലും കാണാം. ഒഴുകുന്ന കുഴൽവെള്ളവും വാഷിങ് മെഷീൻ, ഗെയ്സർ, കുക്കിങ് റെയ്ഞ്ച്, ഫ്രിഡ്ജ് മുതലായ വൈദ്യുത ഗൃഹോപകരണങ്ങളും, റിക്കാർഡ് പ്ലെയർ, ടേപ്പ്റിക്കോർഡർ, ക്യാമറ, ബൈനോക്യുലർ, ടൈപ്പ്റൈററർ മുതലായവയും ഈ വീടുകളിലുണ്ടായിരിക്കും. ഈ വീടുകളിൽ പലതും ഒന്നാംതരം ഫർണിച്ചർകൊണ്ട് സജ്ജീകരിക്കപ്പെട്ടവയാണ്; പലതിലും ടെലിഫോണുണ്ട്. എയർക്കൂളറുകൾ വെച്ച വീടുകളും കുറവല്ല. പലതിന്റേയും പോർച്ചുകളിൽ കാറുകളുണ്ടാവും.

വീടുകളിൽ കാണുന്ന ഈ സമൃദ്ധി ചുററുപാടും കവിഞ്ഞൊഴുകുന്നതും കണ്ണുള്ളവർക്കു കാണാം. ഒന്നാംതരം സിനിമാ തിയേററുകൾ, എല്ലാത്തരം സുഖഭോഗസാധനങ്ങളും വില്ക്കുന്ന വലിയ കടകൾ എന്നിവ ഇന്ന് ചെറിയ പഞ്ചായത്തുകളിൽക്കൂടിയുണ്ട്. ചായക്കടകളുടെ കഥ നില്ക്കട്ടെ; മികച്ച ഒന്നോ രണ്ടോ വിദേശ മദ്യഷാപ്പുകളില്ലാത്ത ഗ്രാമങ്ങൾ ഇന്ന് കേരളത്തിൽ എത്രയുണ്ട്? സ്വകാര്യ ആസ്പത്രികൾ, അലോപ്പതി മരുന്നു ഷാപ്പുകൾ, പെട്രോൾ പമ്പുകളും സർവീസ് സ്റ്റേഷനുകളും, പരി

ഷ്കരിച്ച ബാർബർ ഷാപ്പുകൾ മുതലായവയും വർദ്ധിച്ചുവരികയാണ്. ഇതെല്ലാം കാട്ടുന്നത് ജനങ്ങളുടെ ഉപഭോഗസമ്പ്രദായങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ത്വരിതപരിവർത്തനത്തെയത്രേ.

ഗൾഫ് രാജ്യങ്ങളിൽനിന്ന് കേരളത്തിലേക്കൊഴുകുന്ന, കേരളസംസ്ഥാനത്തിന്റെ പ്രതിവർഷ ബജററ് തുകയോളമോ അതിലധികമോ വരുന്ന, ഈ 'പെട്രോ രൂപ'യിൽ പകുതിയിലധികവും ഉടൻ ചെലവഴിക്കപ്പെടുന്നു എന്നാണ് ഇതിൽനിന്നൊക്കെ മനസ്സിലാകുന്നത്. 1976-77-ൽ കേരളത്തിലെ വില്പനനികുതിയിനത്തിൽ സർക്കാരിന് മുപ്പതു കോടി രൂപ അധികം ലഭിക്കുകയുണ്ടായി. ഇതിനർത്ഥം, വില്പനനികുതി ചുമത്തിയിട്ടുള്ള സാധനങ്ങളുടെ വില്പനയിൽ, ആ ആണ്ടിൽ മുന്നൂറു കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ്. നികുതി ചുമത്താത്ത ഇനങ്ങളുടെ വില്പന ഇതിനു പുറമേയാണ്; നികുതി വെട്ടിച്ചുള്ള വില്പനയും.

ആയിരം രൂപ ചെലവഴിക്കപ്പെടുമ്പോൾ അതിൻഫലമായി മാർക്കററിലെത്തുന്നത് ആയിരം രൂപ മാത്രമല്ല, ആയിരം രൂപ പത്തു പേർക്കായി, സേവനങ്ങളുടെ കൂലിയായോ സാമാനവിലയായോ വീതിക്കപ്പെടുന്നു എന്നു വെക്കുക. അവരോരോരുത്തരും ചുരുങ്ങിയ ഒരു തുക മിച്ചം വെച്ചു ശേഷം ബാക്കി തുക വീണ്ടും മാർക്കററിലിറക്കുന്നു. ഇങ്ങനെ ഈ ശൃംഖല വളരെ നീണ്ടുപോവും. ധനശാസ്ത്രത്തിൽ 'ഗുണകപ്രഭാവം' (മൾട്ടിപ്ലയർ ഇഫക്ട്) എന്ന് വിളിക്കപ്പെടുന്ന ഈ പ്രതിഭാസത്തിൻഫലമായി, ആദ്യം ചെലവഴിക്കപ്പെടുന്ന തുകയുടെ നാലിരട്ടിയോളം തുക സമ്പദ്ഘടനയിൽ പ്രവേശിച്ച ഫലമാണുണ്ടാവുകയെന്നു സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിനർത്ഥം, 1977-ൽ 550 കോടി രൂപ ഗൾഫ്‌രാജ്യങ്ങളിൽനിന്നു കേരളത്തിലെത്തുകയും, അതിൽ 400 കോടി രൂപ ചെലവഴിക്കപ്പെടുകയും ചെയ്യുമ്പോൾ, യഥാർത്ഥത്തിൽ ഇവിടെ ചെലവഴിക്കപ്പെട്ടത് ആയിരത്തിയറുനൂറു കോടി രൂപയോളമാണെന്നത്രേ. അതായത്, 1976-ൽ വാങ്ങിയതിനേക്കാൾ ആയിരത്തിയറുനൂറു കോടി രൂപ കൂടുതൽ വിലയ്ക്കുള്ള സാധനങ്ങളും സേവനങ്ങളും 1977-ൽ കേരളീയർ കേരളത്തിൽനിന്നു വാങ്ങിയിട്ടുണ്ട്. ഇത്രയും സാധനങ്ങൾ ഇവിടെ പുതുതായി ഉല്പാദിപ്പിക്കുകയോ പുറമേനിന്ന് വരുത്തുകയോ ചെയ്തിട്ടില്ലെന്ന് സ്പഷ്ടം. അപ്പോൾ, ഉള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും കൂടുതൽ വില നൽകപ്പെട്ടിരിക്കുന്നു. സാധനവിലയും കൂലിയും ജീവിതച്ചെലവും വാണംപോലെ കയറിപ്പോകുന്നതിൽ എന്താണാശ്ചര്യം?

മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ ചെന്ന് വിയർപ്പൊഴുക്കി അദ്ധ്വാനിച്ചു പണമുണ്ടാക്കി, കേരളത്തിൽ തലമുറകളായി നിലനിന്നുവരുന്ന ദാരിദ്ര്യത്തിന് പ്രതിവിധി തേടുന്നത് വളരെ നല്ല ഒരു കാര്യംതന്നെ. അതോടൊപ്പം, പുറമേനിന്ന് ഇങ്ങോട്ടു പ്രവഹിക്കുന്ന ധനത്തിൽ നല്ല ഒരു ശതമാനം ഉല്പാദകങ്ങളായ വ്യവസായങ്ങളിൽ നിക്ഷേപിച്ച് രാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സഫലമായ പരിശ്രമംകൂടി ഉണ്ടാകാത്ത പക്ഷം, നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിക്ക് താങ്ങാനാവാത്ത ഒരു ഭാരമായി ഈ 'പെട്രോ രൂപ'യുടെ പ്രവാഹം പരിണമിച്ചുകൂടായ്കയില്ല. ലാഭമുണ്ടാക്കുന്നില്ലെങ്കിലും നഷ്ടത്തിൽ കലാശിക്കാത്ത നൂറുകണക്കിനു വ്യവസായങ്ങൾ ഈ പണമുപയോഗിച്ച് നാം പടുത്തുയർത്തണം.

കൂടുതലായി സർക്കുലേഷനിൽ വരുന്ന പണംകൊണ്ടു വാങ്ങാൻ കൂടുതൽ സാധനങ്ങൾ നിർമിക്കണം.

പക്ഷേ, ഇതിന് ആര് നേതൃത്വം നൽകും? പരസ്പരം കടിച്ചുകീറുകയും ചളിവാരി എറിയുകയും ചെയ്യുന്ന രാഷ്ട്രീയപ്രവർത്തകരോ? നിത്യനിദാനകാര്യങ്ങൾതന്നെ വല്ലപാടും നടത്തിക്കൊണ്ടുപോകാൻ പ്രയാസ

പ്പെടുന്ന, തളർവാതം ബാധിച്ച, സർക്കാരോ? കൈ നനയാതെ മീൻപിടിക്കുന്നതിൽ മാത്രം താല്പര്യമുള്ള വ്യവസായസംരംഭകരോ? ഇതെല്ലാം കണ്ടു് കാര്യം മനസ്സിലാവാതെ അന്ധാളിച്ചുനില്ക്കുന്ന സാധാരണ ജനങ്ങളോ?

(ഇതിലെ കണക്കുകൾ ശ്രീ എം. ഡി. നാലപ്പാട്ടും ശ്രീ കെ. രാധാകൃഷ്ണനും ചേർന്നു തയ്യാറാക്കിയ 'കേരള എൻഗൾഫ്സ് ഇൻ പ്രോസ്പെരിററി' എന്ന ലഘുലേഖയിൽനിന്നെടുത്തവയാണ്).

24 ജൂലൈ, 1978

# 68. ഗൾഫ് സമ്പന്നത

ഇപ്പോൾ 'അറേബ്യൻ ഗൾഫ്' എന്നു വിളിക്കപ്പെടുന്ന പഴയ പേഴ്സ്യൻ ഗൾഫ് ലോകമെങ്ങുമുള്ള തൊഴിൽരഹിതരുടെ തീർത്ഥാടന കേന്ദ്രമായിരിക്കുകയാണ്. ഏഷ്യയിലെ വിവിധ പ്രദേശങ്ങളിൽനിന്നുതന്നെ മുപ്പതു ലക്ഷത്തിലധികംപേർ ഗൾഫ് രാജ്യങ്ങളിൽ വേലചെയ്തു ജീവിക്കുന്നുണ്ട്. ഇവരിൽ പന്ത്രണ്ടു ലക്ഷത്തോളംപേർ പാകിസ്ഥാൻകാരാണ്. ഇന്ത്യയിൽനിന്നുള്ള പത്തു ലക്ഷം പേരിൽ ഗണ്യമായ ഒരു വിഭാഗം കേരളീയരത്രേ. ഇവർക്കു പുറമേ രണ്ടര ലക്ഷം ഫിലിപ്പൈൻകാർ, ഒരു ലക്ഷത്തിയെൺപതിനായിരം തെക്കൻ കൊറിയക്കാർ, ഒരുലക്ഷത്തി നാല്പതിനായിരം ശ്രീലങ്കക്കാർ, ഒരുലക്ഷത്തിയിരുപതിനായിരം തായ്ലാൻഡുകാർ, എഴുപതിനായിരം ബാംഗ്ലാദേശക്കാർ, ഏഴായിരം തായ്‌വാൻകാർ, മൂവായിരം ചീനക്കാർ എന്നിവരും ഗൾഫ് നാടുകളിൽ അദ്ധ്വാനിച്ചു പുലരുന്നു. ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ കുടിയേറിപ്പാർപ്പായി ഈ 'ഗൾഫ്‌യാത്ര' ചിത്രീകരിക്കപ്പെടുന്നു.

ഈന്തപ്പനയല്ലാതെ മറെറാരു സസ്യവും വളരാത്ത വരണ്ട മണ്ണിനടിയിൽ ഈട്ടം കൂടിക്കിടക്കുന്ന എണ്ണയാണ് ഗൾഫ് രാജ്യങ്ങളെ പെട്ടെന്നു സമൃദ്ധിയിലേക്കു നയിച്ചതു്. ഈ രാജ്യങ്ങളിൽ ജനങ്ങൾ കുറവാണ്; ഉള്ളവർതന്നെ അദ്ധ്വാനവിമുഖരുമാണ്. പാശ്ചാത്യർ നല്കിയ സാങ്കേതികവിദ്യയോടൊപ്പം ഏഷ്യയിലെ ദരിദ്രരാജ്യങ്ങളിലെ തൊഴിലില്ലാപ്പാവങ്ങളുടെ പ്രയത്നശക്തികൂടിയാണ് ഗൾഫിലെ സമ്പന്നതയ്ക്കു് ആധാരം. എൻജിനീയർമാർമുതൽ മണ്ണുചുമട്ടുകാർവരെ, ഗൾഫ് നാടുകളിലെ വേലയുടെ എല്ലാ തലങ്ങളിലും, ഏഷ്യക്കാരെ കാണാം. സൗദി അറേബ്യൻ മരുഭൂമിയിൽ ഉയർന്നുവരുന്ന കൂററൻ ഫാക്ടറികൾക്കു വേണ്ടി വിയർപ്പൊഴുക്കുന്നതു് തായ്ലാൻഡിലേയും തെക്കൻ കൊറിയയിലേയും കൂലിവേലക്കാരാണ്. അബുദാബിയിലെ നക്ഷത്ര ഹോട്ടലുകളിൽ ഫിലിപ്പൈൻകാർ ഭക്ഷണം വിളമ്പുന്നു, കുവൈത്തിലെ ബാങ്കുകളിൽ ഇന്ത്യൻ ക്ലാർക്കുമാർ ഇടപാടുകൾ നടത്തുന്നു. കുവൈത്തിലെ ജനസംഖ്യയിൽ അമ്പത്തഞ്ചു ശതമാനം ഇപ്പോൾ മറുനാട്ടുകാരാകുന്നു. പരസ്പരം യുദ്ധം ചെയ്യുന്ന ഈറാനിലേയും ഇറാക്കിലേയും സൈനിക അണികൾക്കു പുറകിൽ വേല ചെയ്യുന്നതും ഇതേ ആളുകൾതന്നെ.

മററു് അറബിനാടുകളിൽനിന്നുള്ളവരേക്കാളേറെ, ഏഷ്യക്കാരെ ജോലിക്കു വെക്കാനാണ് ഗൾഫിലെ ഷേക്കുമാർ ഇഷ്ടപ്പെടുന്നതു്. കാരണം എന്തെന്നല്ലേ? ഏഷ്യക്കാർക്കു കൂലി കുറച്ചു കൊടുത്താൽ മതി. അവർ കഠിനമായി അദ്ധ്വാനിച്ചുകൊള്ളും. മാത്രമല്ല, സ്ഥലവാസികളുമായി ഒരു ബന്ധവും സ്ഥാപിക്കാതെ ഒററപ്പെട്ടു കഴിഞ്ഞുകൂടുന്ന ഇവരെ എപ്പോൾ വേണമെങ്കിലും പുറംതള്ളുകയുമാവാം.